സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം

107 (764) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖല തകർച്ചയെ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് കാരണമായ സംഗതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിതരണരംഗം നേരിടുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റേഷനരിക്കും റേഷൻ കടകളിൽകൂടി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്കും ഉണ്ടായ വിലക്കയറ്റം കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വിലവർദ്ധന നടപ്പിലായതിനുശേഷം റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ പലപ്പോഴും റേഷൻകടകളിൽ ലഭ്യമാകാതെയും വിതരണം തടസ്സപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കേന്ദ്രസർക്കാർ 1.4.2000 മുതൽ റേഷൻ സാധനങ്ങൾക്കുള്ള സബ്സിഡി വെട്ടിക്കുറച്ച് കേന്ദ്ര വിൽപന വില വർദ്ധിപ്പിച്ചതുമൂലം റേഷനരി, ഗോതമ്പ് എന്നിവയുടെ വിൽപന ഗണ്യമായി കുറഞ്ഞുപോയിട്ടുണ്ട്. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും മാവേലിസ്റ്റോറുകൾ തുടങ്ങിയവയുടെയും പ്രവർത്തനം മെച്ചപ്പെട്ടുവരുന്നുണ്ട്.

(സി) 11.6.2000-മുതൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് നൽകിവന്നിരുന്ന ഒരു രൂപാ സബ്സിഡി രണ്ടു രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള സബ്സിഡി ആനുകൂല്യം തുടർന്നും നൽകിവരുന്നു. ഇതിൽ 17 ശതമാനം കുടുംബങ്ങൾക്ക് പകുതി വിലയ്ക്ക് അരി നൽകുന്നതുകൊണ്ടുള്ള അധിക സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ വഹിക്കുന്നു.

(ഡി) ഉണ്ട്. കേന്ദ്ര വിൽപ്പന വിലയുടെ അടിസ്ഥാനത്തിൽ 1.4.2000 മുതൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് 12.40 രൂപാ നിരക്കിലാണ് അരി വിൽപ്പന നടത്തേണ്ടത്. സംസ്ഥാന സർക്കാർ രണ്ടു രൂപാ വീതം സബ്സിഡി നൽകി കിലോഗ്രാമിന് 10.40 രൂപയ്ക്ക് പ്രതിമാസം 16 കിലോഗ്രാം അരി 11.6.2000 മുതൽ വിതരണം നടത്തുന്നു. നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിൽ കൂടി മിതമായ വിലയ്ക്ക് നൽകിവരുന്നു. റേഷൻ സാധനങ്ങൾക്കൊപ്പം മറ്റ് അവശ്യവസ്തുക്കളും വിതരണം നടത്തുന്നതിന് റേഷൻ വ്യാപാരികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഇല്ല. ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly